നിരുന്നത്. കാലാവധി ദീർഘിപ്പിച്ചു തരുന്നതിന് കേന്ദ്ര സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

തെരുവുകുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവേ

28 [2165] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പ് സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടത്തിയിട്ടുണ്ടോ എന്നും എങ്കിൽ എന്തെല്ലാം കാര്യങ്ങളെക്കുറിച്ചാണ് പഠനം നടത്തിയതെന്നും ശേഖരിച്ച വിവരങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരുവു കുട്ടികളുടെ സ്ഥിതിയെക്കുറിച്ച് പഠന സർവ്വെ നടന്നുവരുന്നു.

(ബി) ഇല്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

29 [2166] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) നമ്പർ 10/99/പി: & എ.ആർ.ഡി. തിരുവനന്തപുരം, തീയതി 17-5-1999 പ്രകാരം ഏതൊക്കെ വകുപ്പുകൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ എത്ര വികലാംഗരെ വീതം സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ജി.ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ല്യു. ഡി. തീയതി തിരുവനന്തപുരം 5-3-2005 പ്രകാരം എത്ര വികലാംഗരെ ഏതൊക്കെ വകുപ്പുകളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(സി) ഈ ഉത്തരവിൻപ്രകാരം ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ ഉത്തരവിൻപ്രകാരം എന്നു മുതൽ എന്നു വരെ താൽക്കാലിക നിയമനം നേടിയവരെയാണ് സ്ഥിരപ്പെടുത്തിയത്;

(ഇ) ഈ തീയതികളിൽ ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ വികലാംഗർ താൽക്കാലികമായി ജോലി ചെയ്തിരുന്നോ; എങ്കിൽ ഏതൊക്കെ ബോർഡുകളിൽ, കോർപ്പറേഷനുകളിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഒരേ സമയം താൽക്കാലിക നിയമനം നേടിയ വികലാംഗരിൽ സർക്കാർ സർവ്വീസിൽ മാത്രമുള്ളവർക്ക് സ്ഥിര നിയമനം നൽകുകയും ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ താൽക്കാലിക നിയമനം നേടിയവരെ സ്ഥിരപ്പെടുത്താതിരിക്കുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) ജി. ഒ. (പി) നമ്പർ 33/2005/എസ്. ഡബ്ല്യു. ഡി. തീയതി തിരുവനന്തപുരം 5.3.2005 പ്രകാരമുള്ള 179 ദിവസം ജോലി ചെയ്ത ബോർഡ്, കോർപ്പറേഷൻ എന്നിവയിൽ താൽക്കാലിക നിയമനം നേടിയവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 449 വികലാംഗരുടെ താൽക്കാലിക സർവ്വീസ് റഗുലറൈസ് ചെയ്തു ഉത്തരവായിട്ടുണ്ട്. വകുപ്പുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ജി.ഒ. (പി.) നമ്പർ 33/2005/എസ്.ഡബ്ല്യു.ഡി. ഉത്തരവ പ്രകാരം ബോർഡുകളും, കോർപ്പറേഷനുകളും എന്നിവയിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടില്ല. ബോർഡുകളും കോർപ്പറേഷനുകളും എന്നിവയിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

(ഡി) 15-8-1[illegible]3 നും 15-8-1999-നും മദ്ധ്യേ താൽക്കാലിക നിയമനം നേടി 179 ദിവസം സർവ്വീസ് പൂർത്തിയാക്കിയ വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) ബോർഡുകളിൽ/കോർപ്പറേഷനുകളിൽ താൽക്കാലിക നിയമനം നേടിയ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതു സ്ഥാപനങ്ങളുടെ താൽപ്പര്യങ്ങൾക്ക് വിധേയമായിട്ടായിരിക്കും.

(ജി) പരിശോധിച്ചു വരുന്നു.

വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

30 [2167] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏത കാലയളവ് വരെ താൽക്കാലിക ജോലികളിലേർപ്പെട്ടിരുന്ന വികലാംഗ ജീവക്കാരെയാണ് സ്ഥിരപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) താൽക്കാലിക ജോലിയിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിയ മേൽപ്പറഞ്ഞ അത്രയും പേർക്കും അതത് വകുപ്പുകൾ നിയമന ഉത്തരവ് നൽകിയോ എന്നു പരിശോധിക്കുകയും ഇതിൽ വീഴ്ച വരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly